(ജി) ഉണ്ടെങ്കിൽ ഏതെല്ലാം ബാറുകൾ മാറ്റി സ്ഥാപിച്ച കാര്യത്തിലാണ് പരാതി ഉണ്ടായിട്ടുള്ളത് ;

(എച്ച്) ഈ ബാറുകളുടെ ഉടമകൾ ആരെല്ലാമായിരുന്നു ?

ഉത്തരം

(എ-എച്ച്) വിവരം ശേഖരിച്ചു വരുന്നു.

കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ എടുത്ത ലോൺ

78 (476) ശ്രീ. വി. ജെ. പൗലോസ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജനുവരി മാസത്തിൽ കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഏതെങ്കിലും ദേശസാൽക്കൃത ബാങ്കിൽ നിന്നോ മറ്റെവിടെയെങ്കിലും നിന്നോ ലോൺ എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് ബാങ്കിൽ നിന്ന് എന്തു തുക ലോൺ എടുത്തു എന്ന് പറയുമോ ;

(സി) ഈ തുക എന്തിനുവേണ്ടിയാണ് വിനിയോഗിച്ചത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കാനറാ ബാങ്കിൽ നിന്നും എസ്.ബി.ടി.യിൽ നിന്നും 25 കോടി രൂപാ (ഇരുപത്തഞ്ചുകോടി രൂപ) വീതം മൊത്തം 50 കോടി രൂപ വായ്പ എടുത്തിട്ടുണ്ട്.

(സി) അഡ്വാൻസ് ടാക്സ് ഇനമായി ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഡിസ്റ്റിലറികൾ

79 (477) ശ്രീ. ബി. വിജയകുമാർ :
ശ്രീ. എം. മുരളി :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ഡിസ്റ്റിലറികളുണ്ടായിരുന്നു ; ഏതെല്ലാം ;

(ബി) ഇപ്പോൾ എത്ര ഡിസ്റ്റിലറികൾ ഉണ്ട് ;

(സി) ഈ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച ഡിസ്റ്റിലറികൾ ആരുടെ ഉടമസ്ഥതയിൽ എവിടെയാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് പറയുമോ ;

(ഡി) ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന ഡിസ്റ്റിലറികളുടെ സ്ഥാപിതശേഷി എത്രയായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly